"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ - മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല ശ്രീ. എബി തോമസ്, മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്-ന് നൽകി ഉത്തരവാകുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.379/2025/ID തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:- 1. സ.ഉ(എം.എസ്) നം.35/2024/വ്യവ തീയതി 25/07/2024

2. സ.ഉ(സാധാ) നം.130/2025/വ്യവ തീയതി 10/02/2025

3. സ.ഉ(എം.എസ്) നം.21/2025/വ്യവ തീയതി 06/03/2025

<u>ഉത്തരവ്</u>

മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറായി സൂചന(1) പ്രകാരം പുനർനിയമനം നൽകിയ ശ്രീ.എം.കെ.സലീമിന്റെ നിയമന കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ മാനേജരായിരുന്ന ശ്രീ.എബി തോമസിന് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല നൽകി സൂചന(2) പ്രകാരം ഉത്തരവായിരുന്നു.

(2) പിന്നീട്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേക്ക് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന നടത്തിയ നിയമന നടപടികളിലൂടെ ശ്രീ.എബി തോമസിനെ തെരഞ്ഞെടുക്കുകയും സൂചന(3) പ്രകാരം തൽസ്ഥാനത്ത് നിയമനം നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മാനേജർ സ്ഥാനത്തു നിന്നും ശ്രീ.എബി തോമസിനെ വിടുതൽ ചെയ്തതിനെ തുടർന്ന് മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് ഒഴിവുണ്ടാകുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്) മാനേജിംഗ് ഡയറക്ടർ ശ്രീ.എബി തോമസിന് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിജു ജേക്കബ്

/ജോയിന്റ് സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്, തിരുവനന്തപുരം

ശ്രീ.എബി തോമസ്, മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 03-04-2025 16:53:50

പകർപ്പ്-ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസിന്

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

വ്യവസായവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

വ്യവസായവകുപ്പ് അണ്ടർസെക്രട്ടറിയ്ക്ക്